**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5522** **05-07-2024 - ൽ മറുപടിയ്ക്ക്**

**ശബരി റെയിൽപാത പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | നിർദ്ദിഷ്ട ശബരി റെയിൽപാതയുടെ പകുതി ചെലവ് വഹിക്കുന്നതു സംബന്ധിച്ച സമ്മതപത്രവും ധാരണാ പത്രവും കേന്ദ്ര സർക്കാരിന് എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (എ) | ശബരി അങ്കമാലി റെയിൽവേ പദ്ധതി നടത്തിപ്പിനായുള്ള പുതുക്കിയ എസ്റ്റിമേറ്റ് തുക 3810 കോടി രൂപയാണ്. ഈ തുകയനുസരിച്ച് പദ്ധതിയുടെ 50% ചെലവ് പങ്കിടുന്നതിന് സംസ്ഥാന സർക്കാരിൽ നിന്നും സ്ഥിരീകരണം റെയിൽവേ ആവശ്യപ്പെട്ടിരുന്നു. ആയതു സർക്കാരിന്റെ പരിശോധനയിലാണ്. എസ്റ്റിമേറ്റ് തുകയിൽ 36% വർദ്ധനവാണുണ്ടായിരിക്കുന്നത് പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്രത്തിന്റെ ഭാഗത്ത് നിന്നുണ്ടായ കാലതാമസം മൂലമാണ് എസ്റ്റിമേറ്റ് തുക വർദ്ധിക്കാനിടയായത്. നിലവിൽ പദ്ധതി കേന്ദ്ര സർക്കാർ മരവിപ്പിച്ചതിനാൽ മറ്റു പുരോഗതി ഒന്നു തന്നെ ഉണ്ടായിട്ടില്ല. പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതുമായി റെയിൽവേയുടെ ഭാഗത്ത് നിന്നും തുടർ നടപടികൾ സ്വീകരിക്കുന്നതിനായി വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ നിരവധിതവണ കൊണ്ടുവന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ